**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2892** **22-01-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | തൊഴിൽ വകുപ്പിനു കീഴിലെ ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | ഓരോ ക്ഷേമനിധി ബോർഡുകളുടെയും തൊഴിലാളി വിഹിതവും സർക്കാർ വിഹിതവും എത്രയെന്ന് വെളിപ്പെടുത്താമോ; | (ബി) | അനുബന്ധം -2 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത ക്ഷേമനിധി ബോർഡുകൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | അനുബന്ധം -3 ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത ആനുകൂല്യങ്ങൾ ഏകീകരിക്കാനും വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |
| (ഇ) | ഉണ്ടെങ്കിൽ സ്വീകരിക്കാനായി ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം –1</u>

| ക്രമനം. | തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പേര് |
|---|---|
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് |
| 2 | കേരള തയ്യൽ തൊഴിലാളിക്ഷേമനിധി ബോർഡ് |
| 3 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 4 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 5 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 6 | കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 7 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 8 | കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 9 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. |
| 10 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 11 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് |
| 12 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 13 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് |
| 14 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് |
| 15 | കേരള ആഭരണ തൊഴിലളി ക്ഷേമനിധി ബോർഡ് |
| 16 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം – 2</u>

–

<table>
<tr><th>ക്രമ നം.</th><th>തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പേര്</th><th>തൊഴിലാളി വിഹിതം (രൂപ)</th><th>സർക്കാർ വിഹിതം (രൂപ)</th></tr>
<tr><td>1</td><td>കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്</td><td>തൊഴിലാളി – 50/–<br>സ്വയം തൊഴിൽ ചെയ്യുന്നവർ – 100 /–</td><td>തൊഴിലാളി വിഹിതത്തിന്റെ 10%</td></tr>
<tr><td>2</td><td>കേരള തയ്യൽ തൊഴിലാളിക്ഷേമനിധി ബോർഡ്</td><td>50/–</td><td>അംശദായത്തിന്റെ 5%</td></tr>
<tr><td>3</td><td>കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>നിലവിലെ തൊഴിലാളി വിഹിതം – 10%</td><td>ഇല്ല</td></tr>
<tr><td>4</td><td>കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>90/– (വാർഷികം)</td><td>ഇല്ല</td></tr>
<tr><td>5</td><td>കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>15/–</td><td>75%</td></tr>
<tr><td>6</td><td>കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>50/–</td><td>5/–</td></tr>
<tr><td>7</td><td>കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>10/– (പ്രതിമാസം)</td><td>തൊഴിലാളി വിഹിതത്തിന്റെ തുല്യമായ തുക</td></tr>
<tr><td>8</td><td>കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>തൊഴിലാളി – 3/–<br>സ്വയം തൊഴില് ചെയ്യുന്നവർ – 9 /–</td><td>തൊഴിലാളി വിഹിതത്തിന്റെ തുല്യമായ തുക</td></tr>
<tr><td>9</td><td>കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്.</td><td>50</td><td>ഇല്ല</td></tr>
<tr><td>10</td><td>കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td colspan="2">
<table>
<tr><th>വാഹന ഇനം</th><th>തൊഴിലാളി വിഹിതം</th><th>സർക്കാർ വിഹിതം</th></tr>
<tr><td><u>ടേബിൽ –1</u><br>സ്റ്റേറ്റ് ക്യാരേജ് (ഹെവി) ബസ്<br>സ്റ്റേറ്റ് ക്യാരേജ് (ലൈറ്റ് & മീഡിയം) ബസ്<br>കോൺട്രാക്ട് ക്യാരേജ് & ലക്ഷറി ബസ്</td><td>180<br>180<br>180</td><td rowspan="4">ഇല്ല</td></tr>
<tr><td><u>ടേബിൽ –2</u><br>ഗുഡ്സ് വെഹിക്കിൾ:<br>1. ഹെവി & മീഡിയം<br>2. ലൈറ്റ്</td><td>120<br>120</td></tr>
<tr><td><u>ടേബിൽ –3</u><br>ഒമിനി വാൻ, ക്വാളീസ്,ടെമ്പോ ട്രാവലർ, ടാക്സി ക്യബ്</td><td>60</td></tr>
<tr><td><u>ടേബിൽ –4</u><br>ഓട്ടോ റിക്ഷ, ട്രാക്ടർ, ട്രില്ലർ</td><td>60</td></tr>
</table>
</td></tr>
<tr><td>11</td><td>കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ്</td><td>അൺഅറ്റാച്ച്ട് – വേതനത്തിന്റെ 10% തുക<br>സ്കാറ്റേർഡ് – 100/–</td><td>ഇല്ല</td></tr>
</table>

| | | | |
|---|---|---|---|
| 12 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 240 (അർദ്ധ വാർഷികം) | 360 (അർദ്ധ വാർഷികം) |
| 13 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 1/- | 1/- |
| 14 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 20/- | തൊഴിലാളി വിഹിതത്തിന്റെ 25% (പരമാവധി 5/- രൂപ) |
| 15 | കേരള ആഭരണ തൊഴിലളി ക്ഷേമനിധി ബോർഡ് | 50 (പ്രതിമാസം) | ഒരോ അംഗവും ഒരോ വർഷവും നിധിയിലേക്ക് നൽകിയ തുകയുടെ 5%ന് തുല്യമായ തുക വർഷം തോറും. |
| 16 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | തൊഴിലാളിയുടെ ഒരു ദിവസത്തെ വേതനത്തിന്റെ 10% | തൊഴിലാളിയുടെ അംശദായത്തിന്റെ 10% |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം - 3

| | |
|---|---|
| 1. കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് | പദ്ധതിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വം ഉള്ളവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ അംഗത്വ കാലയളവിന് ആനുപാതികമായി റിട്ടയർമെന്റാനുകൂല്യം അനുവദിക്കുന്നതാണ്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു വനിത അംഗത്തിന് പ്രസവധനസഹായമായി 15,000/- രൂപ വരെ ലഭിക്കുന്നതാണ്. ഈ ആനുകൂല്യം ഒരംഗത്തിന് പരമാവധി രണ്ട് പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളു. കൂടാതെ ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും പദ്ധതിയിലെ വനിത അംഗങ്ങൾക്കും അവരുടെ വിവാഹത്തിന് സഹായമായി 10,000/-രൂപ ലഭിക്കുന്നതാണ്. ഈ ആനുകൂല്യം ഒരംഗത്തിന് 2 തവണ മാത്രമേ ലഭിക്കുകയുള്ളൂ. കുടുംബത്തിലെ മാതാവും പിതാവും പദ്ധതിയിൽ അംഗങ്ങളാണെങ്കിൽ ഒരാൾക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ. പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നയാൾക്ക് അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ റിട്ടയർമെന്റ് പെൻഷൻ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് പെൻഷന് അർഹനായ അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കിയ അംഗത്തിന് അപകടംമൂലം ജോലി ചെയ്യുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നപക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50%-ന് മുകളിലാണെങ്കിൽ, അവശതാ പെൻഷനായി പ്രതിമാസം 1,400/- രൂപ (സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന തുക) ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതാണ്. ഇതിനായി മെഡിക്കൽ ബോർഡ് നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ പദ്ധതിയംഗങ്ങളുടെ മക്കൾക്ക് വിവിധ കോഴ്സുകൾക്ക് 750/-രൂപ മുതൽ 2500/-രൂപ വരെ വിദ്യാഭ്യാസാനുകൂല്യമായി പ്രതിവർഷം നൽകി വരുന്നു. കൂടാതെ പദ്ധതിയംഗങ്ങൾക്ക് ചികിത്സാ സഹായം ലഭിക്കുന്നതിന് ചിസ്/ചിസ്+ പദ്ധതിയിലുൾപ്പെടുത്തുന്നതിനും ബോർഡ് തീരുമാനമെടുത്ത് സർക്കാർ അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുണ്ട്. നിലവിൽ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സാ സഹായമായി നൽകുന്നുണ്ട്. പദ്ധതി അംഗങ്ങൾക്ക് മരണാനന്തരാനുകൂല്യവും അപകടാനുകൂല്യവും ലഭിക്കുന്നതിന് മുഴുവൻ പദ്ധതി അംഗങ്ങളെയും സൗജന്യമായി PMJJBY-പദ്ധതിയിലൂടെ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അംഗം മരണമടഞ്ഞാൽ മരണാനന്തര ചെലവുകൾക്കായി 1,000 രൂപ നിധിയിൽ നിന്നും ആശ്രിതന് ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അംഗങ്ങൾക്ക് വിവാഹം, *വീട് നിർമ്മാണം, സ്വയംതൊഴിൽ ചെയ്യൽ* എന്നീ ആവശ്യങ്ങൾക്കായി മൂന്ന് വർഷത്തിനുള്ളിൽ തിരിച്ചടക്കത്തെ വിധത്തിൽ പലിശരഹിത വായ്പയും അനുവദിക്കുന്നതാണ്. |

| | |
|---|---|
| 2. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | (1) അപകട ഇൻഷുറൻസ് പദ്ധതി (കോമ്പൻസേഷൻ പദ്ധതി പ്രകാരമുള്ള ധനസഹായം)<br>01/07/2013 മുതൽ തൊഴിലാളികൾക്ക് വേണ്ടി ബോർഡ് ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം തൊഴിലാളി മരണപ്പെടുകയോ പൂർണ്ണമായും അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ ആറ് ലക്ഷം രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. കൂടാതെ ഭാഗികമായി അംഗവൈകല്യത്തിന് മൂന്ന് ലക്ഷം രൂപയും തൊഴിലുമായി ബന്ധപ്പെട്ട അപകടങ്ങൾക്കുള്ള ആശുപത്രി ചെലവുകൾക്ക് പരാമാവധി 1,00,000/- രൂപയും തൊഴിലാളിക്ക് ലഭിക്കും. കൂടാതെ അപകടത്തിൽപ്പെട്ട് ചികിത്സ ആവശ്യമായി വരുന്നവർക്ക് ആഴ്ചതോറും (പരമാവധി 102 ആഴ്ച) അഷ്വർഡ് തുകയ്ക്ക് തുല്യമായ തുക വീതിച്ചു നൽകും<br>(2) സ്കോളർഷിപ്പ്<br>ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ എട്ടാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ കോഴ്സ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് 750 മുതൽ 5600 വരെ തുക സ്കോളർഷിപ്പായി നൽകി വരുന്നു.<br>**(3) മരണാനന്തര ധനസഹായം**<br>സർവ്വീസിലിരിക്കെ മരണമടയുന്ന തൊഴിലാളിയുടെ മരണാനന്തര ചടങ്ങുകൾക്ക് 5,000/ രൂപയും സർവ്വീസിൽ നിന്ന് വിരമിച്ച തൊഴിലാളിയുടെ മരണാനന്തര ചടങ്ങുകൾക്ക് 3,000/- രൂപയും നൽകി വരുന്നു.<br>**(4) അവശത ധനസഹായം**<br>കള്ള് ചെത്ത് ജോലിയിൽ ഏർപ്പെട്ടിരിക്കെ വൃക്ഷത്തിൽ നിന്നും വീണ് പരിക്ക് പറ്റി പൂർണ്ണമായും ശാശ്വതമായും ജോലി ചെയ്യാൻ കഴിയാതെ വരുന്ന തൊഴിലാളികൾക്ക് പ്രാതിമാസം 300/- രൂപ സാമ്പത്തിക സഹായം അനുവദിച്ച് വരുന്നു.<br>**(5) പരിഷ്കരിച്ച പെൻഷൻ പദ്ധതി**<br>07/2017 മുതൽ തൊഴിലാളികൾക്കുവേണ്ടി സർവ്വീസനുസരിച്ച് 2000 രൂപ മുതൽ 5000 രൂപ വരെ ലഭിക്കുന്ന തരത്തിൽ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്<br>**(6) ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളെ (സമഗ്ര ആരോഗ്യ ഇൻഷുറൻസ്) പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പദ്ധതി**<br>ടി പദ്ധതി 01/04/2018 മുതൽ പ്രാബൽത്തിലായി. ഇതുവഴി തൊഴിലാളി കുടുംബങ്ങൾക്ക് 5 ലക്ഷം രൂപയുടെ ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നു.<br>**(7) തൊഴിലാളികൾക്കും തൊഴിലാളിയുടെ പെൺമക്കൾക്കുമുള്ള വിവാഹ ധനസഹായം**<br>ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും കൂടാതെ തൊഴിലാളികളുടെ പെൺമക്കൾക്കും വിവാഹ ധനസഹായമായി 40,000/- രൂപ നൽകുന്നു.<br>**(8) ഏറ്റവും കൂടുതൽ സർവ്വീസുള്ള തൊഴിലാളികൾക്കുള്ള പാരിതോഷികം**<br>ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെത്ത് തൊഴിലാളികളിൽ ഓരോ വർഷവും |

പ്രായാധിക്യംമൂലം പിരിയുന്നവരിൽ നിന്നും ജില്ലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ സർവ്വീസുള്ള ഒരാളെ തെരഞ്ഞെടുത്ത് അവർക്ക് 50,000/- രൂപ പാരിതോഷികമായി നൽകുന്നു.

**(9) ഏറ്റവും കൂടുതൽ കള്ള് അളക്കുന്ന തൊഴിലാളികൾക്കുള്ള പാരിതോഷികം**

ജില്ലാടിസ്ഥാനത്തിൽ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏറ്റവും കൂടുതൽ കള്ള് അളക്കുന്ന ഒരു തെങ്ങ് ചെത്ത് തൊഴിലാളിക്കും ഒരു പന ചെത്ത് തൊഴിലാളിക്കും ഓരോ സാമ്പത്തിക വർഷത്തിലും 50,000/- രൂപ വീതം പാരിതോഷികമായി നൽകുന്നു. കൂടാതെ പാലക്കാട് ജില്ലയിലെ കരിമ്പന ചെത്ത് തൊഴിലാളികളിൽ ഏറ്റവും കൂടുതൽ കള്ള് അളക്കുന്ന തൊഴിലാളിക്കും 50,000/- രൂപ പാരിതോഷികമായി നൽകുന്നു.

(10) **സർവ്വീസിലിരിക്കെ മരണപ്പെടുന്ന തൊഴിലാളിയുടെ പെൺമക്കൾക്കുളള വിവാഹധനസഹായം.**

സർവ്വീസിലിരിക്കെ മരണപ്പെടുന്ന തൊഴിലാളിയുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി വിവാഹസമയത്ത് 2 ലക്ഷം രൂപ അനുവദിക്കുന്നു.

**(11) കുടുംബ പെൻഷൻ പദ്ധതി-** ബോർഡ് നടപ്പിലാക്കുന്ന കുടുംബപെൻഷൻ പദ്ധതിയിൽ താഴെ പറയുന്ന ആനുകൂല്യങ്ങൾ ഉൾക്കൊള്ളുന്നു. ടി ആനുകൂല്യങ്ങൾക്ക് അർഹത 7/2017 മുതലാണ്. ഒരാൾക്ക് ഒരു ആനുകൂല്യത്തിന് മാത്രമേ അർഹതയുണ്ടാകുകയുള്ളൂ.

(എ) പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ മരണപ്പെടുന്ന തൊഴിലാളിയുടെ ഭാര്യ/ഭർത്താവിന് അയാൾ വാങ്ങിയിരുന്ന പെൻഷന്റെ മൂന്നിലൊന്ന് തുകയോ അല്ലെങ്കിൽ 1200/- രൂപയോ ഏതാണോ കൂടുതൽ ആയത് (ക്ഷേമപെൻഷൻ തുകയിൽ കാലാനുസൃത വർദ്ധനവ് ബാധകം) കുടുംബ പെൻഷനായി അനുവദിക്കുന്നു.

(ബി) വിരമിച്ചശേഷം മരണപ്പെട്ട പെൻഷൻകാരുടെ വിധവകൾക്കുള്ള ധനസഹായ പദ്ധതി.

വിരമിച്ചശേഷം മരണപ്പെടുന്ന പെൻഷൻകാരുടെ വിധവകൾക്ക് പ്രതിമാസം1100/- രൂപ പെൻഷനായി അനുവദിക്കുന്നു. (കാലാനുസൃത വർദ്ധനവ് ബാധകം).

(സി) മരണപ്പെടുന്ന തൊഴിലാളികളുടെ വിധവകൾക്കുള്ള 'സാന്ത്വന' പദ്ധതി.

മരണപ്പെടുന്ന തൊഴിലാളികളുടെ വിധവകൾക്കുള്ള സാന്ത്വന പദ്ധതിയിൽ സർവ്വീസിലിരിക്കെ മരണപ്പെടുന്ന തൊഴിലാളി ജീവിച്ചിരുന്നെങ്കിൽ സർവ്വീസിൽ തുടരുമായിരുന്ന കാലയളവ് വരെ പ്രതിമാസം 3,000/- രൂപയും തുടർന്നുള്ള കാലയളവിന് 1,100/- രൂപയും അനുവദിക്കുന്നു.

(12) **പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കും പോസ്റ്റ് ഗ്രാജ്ജൂവേറ്റ് കോഴ്സുകൾക്കും പഠിക്കുന്നവർക്കുള്ള ലാപ് ടോപ്പ്.**

പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കും പോസ്റ്റ് ഗ്രാജ്ജൂവേറ്റ് കോഴ്സുകൾക്കും സർക്കാർ/സർക്കാർ അംഗീകൃത കോളേജ്ജുകളിൽ പ്രവേശനം ലഭിക്കുന്ന ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക്

| | |
|---|---|
| | ലാപ്ടോപ്പ് വാങ്ങി നൽകുന്ന പദ്ധതി.<br>(13) **ലൈഫ് ഇൻഷുറൻസ് പദ്ധതി.**<br>20-02-2020-ൽ ആരംഭിച്ച ലൈഫ് ഇൻഭുറൻസ് പദ്ധതി പ്രകാരം തൊഴിലാളികൾ മരണപ്പെട്ടാൽ ആശ്വാസധനമായി അവകാശിക്ക് 1 ലക്ഷം രൂപ ലഭിക്കുന്നു. |
| 3. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. റിട്ടയർമെന്റ് പെൻഷൻ<br>2. റിട്ടയർമെന്റ് ആനുകൂല്യം<br>3. കുടുംബ പെൻഷൻ<br>4. അംഗങ്ങൾക്കുള്ള അവശത പെൻഷൻ<br>5. അംഗങ്ങൾ അല്ലാത്തവർക്കുള്ള അവശത പെൻഷൻ<br>6. മരണാനന്തര ധനസഹായം<br>7. അംഗങ്ങളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പും, ക്യാഷ് അവാർഡും<br>8. വിവാഹ ധനസഹായം<br>9. പ്രസവ ധനസഹായവും അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രത്യേക പ്രസവ ധനസഹായവും<br>10. ചികിത്സാ ധനസഹായം |
| 4. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 1. പ്രോവിഡന്റ് ഫണ്ട്<br>2. ഗ്രാറ്റുവിറ്റി<br>3. പെൻഷൻ/കുടുംബ പെൻഷൻ<br>4. പി.എഫ് അക്കൗണ്ടിൽ നിന്നുള്ള അഡ്വാൻസുകൾ (ഭവനം, ചികിത്സ, വിവാഹം, വിദ്യാഭ്യാസം)<br>5. ധനസഹായങ്ങൾ (ചികിത്സാ ധനസഹായം, മാരക രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം, എക്സ്ഗ്രേഷ്യ, മരണാനന്തര ധനസഹായം) |
| 5. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ലേബർ വെൽഫെയർ ഫ ് ബോർഡിൽ നിന്നും ഐ.ടി.ഐ പരിശീലന പദ്ധതി, വിവാഹ ധനസഹായ പദ്ധതി, പ്രസവാനുകൂല്യ പദ്ധതി, കമ്പ്യൂട്ടർ കോഴ്സ് പരിശീലന പദ്ധതി, മെഡിക്കൽ എഞ്ചിനിയറിംഗ് പരിശീലനത്തിന് ധനസഹായം നല്കുന്ന പദ്ധതി, ഹൈസ്കൂൾ വിദ്യാഭ്യാസ ഗ്രാന്റ്, ക്യാഷ് അവാർഡ് പദ്ധതി, ഉന്നത വിദ്യാഭ്യാസ ഗ്രാന്റ്, ഗ്രന്ഥശാലകൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി, വിനോദ യാത്രയ്ക്ക് സബ്സിഡി, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം, ജോലിയിലിരിക്കെ അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് സാമ്പത്തിക സഹായം, ചികിത്സാ സഹായ പദ്ധതി, അപകടമരണ ധനസഹായം, അടിയന്തരാശ്വാസ പദ്ധതി (മരണാനന്തര സഹായ പദ്ധതി), മരണാനന്തര ചിലവിന് ധനസഹായം |
| 6. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 1. വിവാഹ ധനസഹായം<br>2. പ്രസവ ധനസഹായം<br>3. സ്കോളർഷിപ്പ്<br>4. രോഗചികിത്സക്കുള്ള അഡ്വാൻസ്<br>5. സാമ്പത്തിക താങ്ങൽ പദ്ധതി<br>6. പദ്ധതി/പദ്ധതി ഇതര പെൻഷൻ<br>7. അവശതാ പെൻഷൻ<br>8. മരണാനന്തര സഹായം |

| | |
|---|---|
| | 9. കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അഡ്വാൻസ് |
| 7. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 1. **<u>പെൻഷൻ</u>**<br>(i) പത്ത് വർഷം തുടർച്ചയായി അംശാദായം അടച്ച് 60 വയസ്സ് പൂർത്തിയായ അംഗത്തിന്<br>(ii) പത്ത് വർഷം തുടർച്ചയായി അംശാദായം അടച്ച് സ്ഥിരമായ ശാരീരിക അവശതമൂലം 2 വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാത്തവർക്ക്<br>(iii) മറ്റേതെങ്കിലും ആക്ടിലെ വ്യവസ്ഥ പ്രകാരം ഒരംഗത്തിന് 60 വയസ്സ് പൂർത്തിയാകുന്നതിനു മുമ്പ് എന്നാൽ 55 വയസ്സ് പൂർത്തിയാക്കിയ ശേഷം പെൻഷൻ പറ്റി പിരിയേണ്ടി വന്നാൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെയുള്ള തൊഴിലാളിയുടെയും തൊഴിലുടമയുടെയും അംശാദായം നിധിയിലേയ്ക്ക് അടച്ചാൽ<br>2. **<u>കുടുംബ പെൻഷൻ</u>**<br>(i) പതിനഞ്ച് വർഷം അംശാദായം അടച്ച അംഗം മരണപ്പെട്ടാൽ<br>(ii) പെൻഷൻ ലഭിക്കുന്ന അംഗം മരണപ്പെട്ടാൽ<br>3. **<u>വിവാഹാനുകൂല്യം</u>**<br>(i) മൂന്നു വർഷം അംശാദായം അടച്ച അംഗങ്ങളുടെ രണ്ട് പെൺമക്കൾക്കും വനിതാ അംഗത്തിനും 7500/- രൂപ<br>(ii) പുരുഷ അംഗത്തിന് 5000/- രൂപ<br>4. **<u>പ്രസവാനുകൂല്യം</u>**<br>(i) വനിതാ അംഗത്തിന് 15000/- രൂപ<br>(ii) ഗർഭം അലസലിന് 2500/- രൂപ<br>5. **<u>വിദ്യാഭ്യാസാനുകൂല്യം</u>**<br>(i) അംഗങ്ങളുടെ മക്കൾക്ക് പഠനകാലയളവിൽ തന്നെ ധനസഹായം ലഭിക്കുന്നു.<br>(ii) മികച്ച വിജയം നേടുന്നവർക്ക് പ്രത്യേക ധനസഹായം<br>(iii) കാലാ-കായിക സാംസ്കാരിക രംഗത്ത് പ്രാഗൽഭ്യം തെളിയിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പിനുള്ള ധനസഹായം<br>6. ചികിൽസാ സഹായം<br>മൂന്ന് വർഷം അംശാദായം അടച്ച അംഗത്തിനും കുടുംബത്തിനും പരമാവധി 10000/- രൂപ സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിൽസയ്ക്ക്<br>7. **<u>മരണാനന്തര സഹായം</u>**<br>മൂന്ന് വർഷം അംശാദായം അടച്ച അംഗം മരണപ്പെട്ടാൽ 5000/- രൂപ മുതൽ പരമാവധി 20000/- രൂപ വരെ സർവ്വീസ് ദൈർഘ്യം അനുസരിച്ച് ധനസഹായം<br>8. **<u>മരണാനന്തര ചെലവ്</u>**<br>3 വർഷം അംശാദായം അടച്ച അംഗത്തിനും അംഗത്തിന്റെ കുടുംബാംഗങ്ങൾക്കും (5000/- |

<table>
<tr><td></td><td>രൂപ)<br>9. <u>അംശാദായം തിരിച്ചു നൽകൽ</u><br>(i) 60 വയസ്സ് പൂർത്തിയാകുമ്പോൾ തൊഴിലാളി വിഹിതമായി അടച്ച അംശമായ തുക തിരിച്ചു നൽകുന്നു.<br>(ii) മരണാനന്തര സഹായം ലഭിക്കുവാൻ അർഹതയില്ലാതെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക്<br>(iii) രണ്ട് വർഷമെങ്കിലും തുടർച്ചയായി അംശാദായം തുടർച്ചയായി അംശാദായം അടച്ച ശേഷം സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ച അംഗങ്ങൾക്ക്</td></tr>
<tr><td>8. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>പെൻഷൻ പ്രതിമാസം - 1500/-<br>മരണാനന്തര ധനസഹായം - 25,000/-<br>അംശദായം തിരിച്ചു നൽകൽ - 1,000/-<br>വിവാഹ ധനസഹായം - 5,000/-<br>ചികിത്സാ ധനസഹായം (മാരക രോഗം ഉൾപ്പെടെ)- 10,000/- രൂപ<br>പ്രസവധനസഹായം-13,500/-<br>വിദ്യാഭ്യാസ ധനസഹായം - 500/- രൂപ മുതൽ 5000/- രൂപ വരെ (ഹൈസ്കൂൾ തലം മുതൽ പ്രൊഫഷണൽ കോഴ്സ് വരെ)</td></tr>
<tr><td>9. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്</td><td>(എ) ബീഡി-ചുരുട്ട് തൊഴിലാളികൾക്കുള്ള പെൻഷൻ<br>(ബി) അവശതയോ മരണമോ സംഭവിച്ചാൽ നൽകുന്ന എക്സ്ഗ്രേഷ്യാ ആനുകൂല്യം<br>(സി) വനിതാ അംഗങ്ങൾക്കുള്ള വിവാഹ ധനസഹായം<br>(ഡി) അംഗങ്ങളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം<br>(ഇ) സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം<br>(എഫ്) ബീഡി തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതി</td></tr>
<tr><td>10. കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്</td><td><table>
<tr><th>ക്രമ നം.</th><th>ആനുകൂല്യത്തിന്റെ പേര്</th><th>നിലവിലുള്ള നിരക്ക്</th></tr>
<tr><td>1</td><td>പെൻഷൻ</td><td>1,500/-രൂപ</td></tr>
<tr><td>2</td><td>അവശതാ പെൻഷൻ</td><td>1,500/-രൂപ</td></tr>
<tr><td>3</td><td>കുടുംബ പെൻഷൻ</td><td>750/-രൂപ</td></tr>
<tr><td>4</td><td>സാന്ത്വന ധനസഹായം</td><td>1,500/-രൂപ</td></tr>
<tr><td>5</td><td>വിവാഹ ധനസഹായം</td><td>10,000/-രൂപ</td></tr>
<tr><td>6</td><td>പ്രസവ ധനസഹായം</td><td>ക്ഷേമ ബോർഡ് അംഗങ്ങളായ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി 15,000/-രൂപ</td></tr>
<tr><td>7</td><td>സാധാരണ രോഗ ചികിൽസാ ധനസഹായം</td><td>പരമാവധി 5,000/-രൂപ വരെ</td></tr>
<tr><td>8</td><td>മാരക രോഗ ചികിത്സാ ധനസഹായം</td><td>പരമാവധി 50,000/-രൂപ വരെ</td></tr>
<tr><td>9</td><td>കണ്ണ് ഓപ്പറേഷൻ, ചിക്കൻപോക്സ്, പേപ്പട്ടി</td><td>4,000/-രൂപ</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| | | വിഷബാധ, പാമ്പുകടി എന്നിവയ്ക്കുള്ള ചികിത്സാ ധനസഹായം | |
| | 10 | അപകട ചികിത്സാ ധനസഹായം | പരമാവധി 20,000/-രൂപ വരെ |
| | 11 | അപകടത്തെ തുടർന്ന് അവശത സംഭവിച്ചാലുള്ള ധനസഹായം | ജോലിക്കിടയിലുണ്ടാകുന്ന അപകടത്തെത്തുടർന്ന് 100% സ്ഥായിയായ അവശത സംഭവിക്കുന്ന തൊഴിലാളിക്ക് 1,00,000/- രൂപ അപകട ധനസഹായമായി ലഭിക്കും. |
| | 12 | എസ്.എസ്.എൽ.സി പഠന സഹായം | 1000/-രൂപ |
| | 13 | ക്യാഷ് അവാർഡ് | എസ്.എസ്.എൽ.സി ക്ക് ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന ഒരു ലക്ഷത്തിൽ കുറവ് അംഗങ്ങൾ ഉള്ള ജില്ലകളിൽ 7 ആൺകുട്ടികൾ, 7 പെൺകുട്ടികൾ എന്ന ക്രമത്തിലും രണ്ട് ലക്ഷത്തിൽ കുറവ് അംഗങ്ങൾ ഉള്ള ജില്ലകളിൽ 10 ആൺകുട്ടികൾ, 10 പെൺകുട്ടികൾ എന്ന ക്രമത്തിലും രണ്ട് ലക്ഷത്തിൽ കൂടുതൽ അംഗങ്ങൾ ഉള്ള ജില്ലകളിൽ 12 ആൺകുട്ടികൾ, 12 പെൺകുട്ടികൾ എന്ന ക്രമത്തിലും 3,000/- രൂപ വീതവും നൽകി വരുന്നു. |
| | 14 | ഉന്നത വിദ്യാഭ്യാസ ത്തിനുള്ള സാമ്പത്തിക സഹായം | ബോർഡ് നൽകി വരുന്ന വിവിധ സ്കോളർഷിപ്പ് ആനുകൂല്യങ്ങളിൽ എസ്.എസ്.എൽ.സി കഴിഞ്ഞുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് ചേരുന്ന വിദ്യാർത്ഥികൾക്ക് നിലവിലുള്ള സ്കോളർഷിപ്പ് 1,000/-രൂപയും, ഡിപ്ലോമ കോഴ്സുകൾക്ക് 1,250/-രൂപയും, ഡിഗ്രി കോഴ്സുകൾക്ക് 1,250/- രൂപയും പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്ക് 1,500/-രൂപയും, ജനറൽ നഴ്സിംഗ്കോഴ്സിന് 1,500/-രൂപയും, ബി.എസ്.സി നഴ്സിംഗ് കോഴ്സിന് 2,000/- രൂപയും,പാരാമെഡിക്കൽ കോഴ്സുകൾക്ക് 2,000/-രൂപയും, പ്രൊഫഷണൽ കോഴ്സുകൾക്ക് 3,000/-രൂപയും നൽകി വരുന്നു. |
| | 15 | മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ധനസഹായം | 3 വർഷം സർവ്വീസ് പൂർത്തിയാക്കിയ അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷാ കോച്ചിംഗിനായി 5,000/- രൂപ ധനസഹായം ലഭിക്കും. |
| | 16 | മരണാനന്തര ധനസഹായം | 50,000/-രൂപ |
| | 17 | അപകട മരണധനസഹായം | 4,00,000/-രൂപ |
| | 18 | മരണാനന്തര ചെലവിന് ധനസഹായം | അംഗതൊഴിലാളി മരണപ്പെട്ടാൽ ടിയാളുടെ നോമിനിക്ക്/ ആശ്രിതർക്ക് മരണാനന്തര ചെലവുകൾക്കായി 4,000/- രൂപയും പെൻഷണർ മരണപ്പെട്ടാൽ ടിയാളുടെ നോമിനിക്ക് / ആശ്രിതർക്ക് 3,000/-രൂപയും അടിയന്തിര സഹായം |

| | | | |
|---|---|---|---|
| | | | ലഭിക്കും. |
| | 19 | ഭവന നിർമ്മാണ വായ്പ | ക്ഷേമ ബോർഡിൽ 5 വർഷത്തെ സജീവ അംഗത്വമുള്ളവരും 45 വയസ്സ് പൂർത്തിയാകാത്തവരുമായ തൊഴിലാളികൾക്ക് സ്വന്തമായി വീട് പണിയുന്നതിന് രണ്ട് സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ 50,000/-രൂപ വരെ വായ്പ ലഭിക്കും. |
| | 20 | ഉപകരണങ്ങൾ വാങ്ങുന്നതിന് വായ്പ | ക്ഷേമ ബോർഡിൽ 3 വർഷത്തെ സജീവ അംഗത്വമുള്ളവരും 55 വയസ്സ് പൂർത്തിയാകാത്തവരുമായ തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്ന തൊഴിലിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 10,000/-രൂപ വരെ വായ്പ ലഭിക്കും. |
| | 21 | റീഫണ്ട് | മറ്റേതെങ്കിലും തൊഴിൽ ലഭിച്ച് നിർമ്മാണ തൊഴിലിൽ ഏർപ്പെടാതിരിക്കുന്നവർക്ക് അവർ അടച്ചിട്ടുള്ള അംശദായ തുക തിരികെ ലഭിക്കും. 60 വയസ്സ് പൂർത്തിയാകുന്നവർക്കും, മരണപ്പെടുന്ന അംഗങ്ങളുടെ ആശ്രിതർക്കും<br>ഇപ്രകാരം റീഫണ്ട് ലഭിക്കുന്നതാണ്. |
| | 21 | പെൻഷൻ | 1,500/-രൂപ |

| 11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | ക്രമ നമ്പർ | ആനുകൂല്യ ഇനം | തുക (രൂപ) | റിമാർക്ക്സ് |
|---|---|---|---|---|
| | 1 | **പെൻഷൻ**<br>ടേബിൾ- 1<br>സ്റ്റേജ്ക്യാരേജ്/ കോൺട്രാക്റ്റ് വാഹനം | 5000/-<br>(8 വർഷത്തെ സർവ്വീസിന്) | 8 വർഷത്തിന് ശേഷമുള്ള ഓരോ പൂർണ്ണ അധിക വർഷത്തിനും<br>8 വർഷത്തെ പെൻഷൻ തുകയോടൊപ്പം 150 രൂപ കൂടി അനുവദിക്കുന്നു. |
| | | ടേബിൾ - 2<br>ഗുഡ്സ് വാഹനങ്ങൾ | 3500/-<br>(8 വർഷത്തെ സർവ്വീസിന്) | 8വർഷത്തിന് ശേഷമുള്ള ഓരോ പൂർണ്ണ അധിക വർഷത്തിനും<br>8 വർഷത്തെ പെൻഷൻ തുകയോടൊപ്പം 100 രൂപ കൂടി അനുവദിക്കുന്നു. |
| | | ടേബിൾ- 3<br>ട്രാവലർ, ഒമിനി വാൻ തുടങ്ങിയവ | 2500/-<br>(8 വർഷത്തെ സർവ്വീസിന്) | 8 വർഷത്തിന് ശേഷമുള്ള ഓരോ പൂർണ്ണ അധിക വർഷത്തിനും<br>8 വർഷത്തെ പെൻഷൻ തുകയോടൊപ്പം 75 രൂപ കൂടി അനുവദിക്കുന്നു. |
| | | ടേബിൾ- 4<br>ഓട്ടോറിക്ഷ, ട്രാക്ടർ തുടങ്ങിയവ | 2000/-<br>(8 വർഷത്തെ സർവ്വീസിന്) | 8വർഷത്തിന് ശേഷമുള്ള ഓരോ പൂർണ്ണ അധിക വർഷത്തിനും<br>8 വർഷത്തെ പെൻഷൻ തുകയോടൊപ്പം<br>50 രൂപ കൂടി അനുവദിക്കുന്നു. |
| | 2 | **സ്വയംവിരമിയ്ക്കൽ പെൻഷൻ** | 2000/- (8 വർഷത്തെ സർവ്വീസിന്) | 8 വർഷം സർവ്വീസും 55 വയസ് പൂർത്തിയായതുമായ തൊഴിലാളികൾക്ക് |
| | 3 | **അവശതാ പെൻഷൻ** | 1500/-<br>(പ്രതിമാസം, കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന തുക) | മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകുന്നു |

| | | | | |
|---|---|---|---|---|
| | 4 | **ഫാമിലി പെൻഷൻ** | തൊഴിലാളി പെൻഷന്റെ 50%തുക തുടർന്നുള്ള 10 വർഷത്തേയ്ക്ക് (പ്രതിമാസം) | പെൻഷണർ മരണപ്പെട്ടാൽ അവകാശിക്ക് നൽകുന്നു. |
| | 5 | **സ്വാഭാവികമരണാനന്തര ധനസഹായം** | 1,00000/- | |
| | 6 | **അപകടമരണാനന്തര ധനസഹായം** | 2,00000/- | ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനത്തിൽ ജോലിയുമായി ബന്ധപ്പെട്ടുള്ള അപകടത്തെ തുടർന്നുള്ള മരണം |
| | 7 | **ചികിത്സാ ധനസഹായം** | 1,00000/- (പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള രോഗങ്ങൾക്ക് ) | അംഗത്വമെടുത്ത് 2 വർഷം മുടക്കം വരുത്താതെയുള്ള സർവ്വീസ് ഉള്ളവർക്ക് |
| | 8 | **അപകട ചികിത്സാ ധനസഹായം** | 1,00000/- | അംഗത്വമെടുത്ത് 2 വർഷം മുടക്കം വരുത്താതെയുള്ള സർവ്വീസ് ഉള്ളവർക്ക് |
| | 9 | **വിവാഹധനസഹായം** | 40,000/- | തൊഴിലാളിയ്ക്കും 2 മക്കൾക്കും |
| | 10 | **സ്ക്കോളർഷിപ്പ്** | 500/- - 7500/- | 8-ാം ക്ലാസ് മുതൽ വിവിധ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ |
| | 11 | **പ്രസവധനസഹായം** | 15000/- | ആദ്യത്തെ 2 പ്രസവത്തിന് |
| | 12 | **ശവസംസ്ക്കാര ധനസഹായം** | 10,000/- | |
| | 13 | **റീഫണ്ട്** | | പദ്ധതി പ്രകാരം തൊഴിലാളികൾക്ക് അനുവദിക്കുന്നു. |
| 12. കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ | | | |
| | നമ്പർ | ആനുകൂല്യങ്ങൾ | നിരക്ക് | |
| | 1 | മരണാനന്തര ധന സഹായം<br>100/- രൂപ സ്ലാബ് പ്രകാരം | 60,000/- രൂപ | |
| | 2 | ശാരീരികഅവശതയ്ക്കുള്ള ധനസഹായം<br>100/-രൂപ സ്ലാബ് പ്രകാരം | 15,000/-രൂപ | |
| | 3 | ചികിത്സാ ധനസഹായം | 2000/രൂപ | |
| | 4 | ആശ്രിത മരണാനന്തര ധനസഹായം | 1000/-രൂപ | |
| | 5 | **വിദ്യാഭ്യാസ ധനസഹായം**<br>S.S.L.C<br>+2<br>Degree<br>Professional course | 400/-<br>600/-<br>800/-<br>2000/-<br>രൂപ | |
| | 6 | വിവാഹ ധനസഹായം | 3000/-രൂപ | |
| | 7 | ഡെത്ത് കം റിട്ടയർമെന്റ് | സ്ലാബ് പ്രകാരം | |
| | 8 | പെൻഷൻ | 1400/-രൂപ | |
| | **<u>കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ</u>** | | | |
| | 1 | വർക്കേഴ്സ് മെഡിക്കൽ ക്ലെയിം | 30,000/- | |
| | 2 | വർക്കേഴ്സ് പ്രത്യേക ചികിത്സാ ധന സഹായം | 1,00,000/- | |

| | | | |
|---|---|---|---|
| | 3 | ആശ്രിത മെഡിക്കൽ ക്ലെയിം | 15,000/- |
| | 4 | ആശ്രിത പ്രത്യേക ചികിത്സ | 25,000/- |
| | 5 | അതീവ ഗുരുതരവും ദീർഘകാലം ചികിത്സ ആവശ്യമായി വരുന്ന രോഗം(തൊഴിലാളിക്ക് മാത്രം) | 2,00,000/- |
| | 6 | ചികിത്സാ ദുരിതാശ്വാസം | 15,000/- |
| | 7 | ഡെത്ത് റിലാഫ് | 2000/- |
| | 8 | സ്പെഷ്യൽ ഡെത്ത് എക്സ്ഗ്രേഷ്യ | 50,000/- |
| | 9 | സ്കോളർഷിപ്പ് അഞ്ചാം ക്ലാസ് മുതൽ എം.ബി.ബി.എസ്,ബി.ടെക്,സി.എം.എ വരെ | 350/- രൂപ മുതൽ 10,000/- രൂപ വരെ |
| | 10 | പ്രതിമാസ സ്കോളർഷിപ്പ് | 400/- രൂപ |
| | 11 | എസ്.എസ്.എൽ.സി/പ്ലസ്ടു-ഫുൾ എ+(പാരിതോഷികം) | 10,000/- രൂപ വരെ |
| | 12 | ഫാമിലി പ്ലാനിംഗ് | 5000/- |
| | 13 | പ്രസവാനുകൂല്യം-തൊഴിലാളി-ഭാര്യ<br>സ്ത്രീ തൊഴിലാളി | 5000/-<br>10,000/- |
| | 14 | കലാമിറ്റി റിലീഫ് | 20,000/- |
| | 15 | കുടുംബ ക്ഷേമാനുകൂല്യം | സേവന ദൈർഘ്യം അനുസരിച്ച് |
| | 16 | വിവാഹ ഗ്രാന്റ് | 5000/- |
| | 17 | സൂപ്പർ ആന്വേഷൻ അസിസ്റ്റൻസ് | 25000/- വരെ |
| | 18 | ഡെത്ത് എക്സഗ്രേഷ്യ | 10,000/- |
| | 19 | മരണാനന്തര ആശ്വാസ ധനസഹായം | 2500/-X3 |
| | 20 | വിദ്യാഭ്യാസ ധനസഹായം | 1000/- |
| | 21 | വിദ്യാഭ്യാസ വായ്പ | 25,000/- |
| | 22 | വിശ്രമ കേന്ദ്രം | 15000/- |
| | 23 | രക്തദാനം | ഒരു ദിവസത്തെ വേതനം |
| | 24 | ബോണസ്-എക്സ്ഗ്രേഷ്യ | 1000/- |
| | 25 | ബോണസ് | വേതനത്തിന്റെ 12% |
| | 26 | അവധി വേതനം | 9 എണ്ണം ശരാശരി മാസവേതനത്തെ അടിസ്ഥാനപ്പെടുത്തി. |

| | | |
|---|---|---|
| 13. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | വിവാഹ ധനസഹായം | 3,000/- രൂപ |
| | പ്രസവാനുകൂല്യം | 15000/- രൂപ |
| | മരണാനന്തര ധനസഹായം | ആദ്യ 3 വർഷം വരെയുള്ള അംഗത്വത്തിന് 1500/- രൂപയും, പിന്നീടുള്ള ഓരോ വർഷത്തെ അംഗത്വത്തിനും 400/- രൂപ വീതം കണക്കാക്കി ആകെ തുക പരമാവധി 10000/- രൂപ |
| | കുടുംബ പെൻഷൻ | 150/- രൂപ പ്രതിമാസം |
| | അവശതാ പെൻഷൻ | 200/- രൂപ പ്രതിമാസം |
| | ചികിത്സാ ധനസഹായം | അംഗത്വ കാലയളവിൽ പരമാവധി 10000/- രൂപ |
| | വിദ്യാഭ്യാസ ധനസഹായം | എസ്.എസ്.എൽ.സി. ഫുൾ എ+ = 500/- രൂപ, പ്ലസ് 1 & 2 ഫുൾ എ+ |

| | | |
|---|---|---|
| | | - 400/- രൂപ, മെറിറ്റിൽ അഡ്മിഷൻ ലഭിച്ചവർക്കുള്ള സ്കോളർഷിപ്പുകൾ<br>ഡിഗ്രി, ടി.ടി.സി., 3 വർഷ ഐ.ടി.ഐ, പോളിടെക്നിക്, ജനറൽ നഴ്സിംഗ് - 600/- രൂപ, ബി.എഡ്, പി.ജി. കോഴ്സുകൾ, ബി.എസ്.സി. നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ- 750/- രൂപ, ബി.ടെക്, എം.ബി.ബി.എസ്., ബി.എച്ച്.എം.എസ്. - 2,000/- രൂപ. |
| 14. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 1. സ്കോളർഷിപ്പ്<br>2. ക്യാഷ് അവാർഡ്<br>3. വിവാഹ ധനസഹായം<br>4. പ്രസവാനുകൂല്യം<br>5. ചികിത്സാ ധനസഹായം<br>6. പെൻഷൻ<br>7. ശവസംസ്കാര സാമ്പത്തിക സഹായം<br>8. പ്രകൃതി ക്ഷോഭം, വീട് കത്തി നശിക്കൽ എന്നിവയ്ക്കുള്ള ധനസഹായം | |
| 15. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 1. അധിവർഷാനുകൂല്യം (അംഗത്വം പൂർത്തിയാക്കിയ ഓരോ വർഷത്തിനും 625/- രൂപ വീതം)<br>2. മരണാനന്തര സഹായം (2,000/- രൂപ)<br>3. വിവാഹ ധനസഹായം (2,000/- രൂപ)<br>4. ചികിത്സാ ധനസഹായം (2,500/- രൂപ വരെ)<br>5. പ്രസവ ധനസഹായം (15,000/- രൂപ, 1,000/- രൂപ ബോർഡ് വിഹിതവും 14,000/- രൂപ സർക്കാർ വിഹിതവും)<br>6. വിദ്യാഭ്യാസ ധനസഹായം (2,500/- രൂപ മുതൽ 10,000/- രൂപ വരെ) | |
| 16. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | ടി ബോർഡിൽ പെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം, മരണാനന്തര ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ ആണ് നൽകി വരുന്നത്. | |

**സെക്ഷൻ ഓഫീസർ**